GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**19-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

## 1. കാർഷികയന്ത്രവൽക്കരണ ഉപപദ്ധതി

കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃത കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) യിൽ ജൂലൈ ഒന്നു മുതൽ ഓൺലൈനായി അപേക്ഷിക്കാം.. https://agrimachinery.nic.in/index എന്ന വെബ്സൈററിൽ കൂടി ഇതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## 2. കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിക്കേണ്ട അവസാന തീയതി 31- 07- 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**19-07-2021**

3. വാമനപുരം കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ പുല്ലാമ്പാറ ആസ്ഥാനമായി പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററിലേയ്ക്ക് ഫെസിലിറ്റേറ്റർ തസ്തികയിലേക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് **9383470147, 8921435682, 7510241628** എന്നീ ഫോൺ നമ്പരുകളിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി ഇന്ന് (19-07-2021) വൈകിട്ട് 5 മണിക്ക് **കോഴിവളർത്തൽ മേഖലയിലെ സാധ്യതകൾ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500**. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462**.

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി ഇന്ന് (19/7/2021 ന്) വെള്ളരിവർഗ വിളകൾ -പാവൽ, പടവലം, പീച്ചിൽ എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ വെള്ളായണി കോർഷിക കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ ഡോ ആർ ആയിഷ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ്ങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ വന്ധപ്പെടുക - **0484 2703094**

6. അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (19-07-2021) **കാലിരോഗങ്ങളും പ്രതിവിധികളും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. രാവിലെ 10.30 മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**19-07-2021**

ഗൂഗിൾ മീറ്റ് വഴി നടത്തുന്ന പരിശീലനത്തിന്റെ ലിങ്ക് ഇനി പറയുന്നു. http://meet.google.com/pwy-nntc-phn കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9447400261**

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (19-07-2021) രാവിലെ 11 മണിക്ക് **"ക്ഷീരമേഖലയും സംയോജിത കൃഷി രീതികളും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം പത്തൊൻപതിന് **പോത്തുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (20.07.2021) രാവിലെ 11 മുതൽ 12 മണി വരെ **അലങ്കാര മത്സ്യങ്ങളുടെ പ്രജനനക്രിയ** എന്ന വിഷയത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ അസിസ്റ്റന്റ് പ്രഫസർ ഡോ ഈപ്പൻ ജേക്കബ് ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

10. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 23 ന് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി - ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, 28 ന് ശാസ്ത്രീയ

**19-07-2021**

കോഴിവളർത്തൽ, 29 ന് മണ്ണ് പരിശോധനയും സംയോജിത വളപ്രയോഗവും, 30 ന് കൂൺ കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അതാതുദിവസങ്ങളിൽ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

11. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

- മഴക്കാലത്ത് പയർ, മുളക് എന്നിവയിൽ കാണുന്ന കരിവള്ളിക്കേട് എന്ന രോഗത്തിന് പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചതോ തളിയ്ക്കാവുന്നതാണ്.

Sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം